JANUARY 2022

VOL - 9 ISSUE -4

# ECHOLIS 2022

A QUARTERLY BULLETIN OF LISIE MEDICAL AND EDUCATIONAL INSTITUTIONS








Environment Friendly

CARE with LOVE

LISIE HOSPITAL ERNAKULAM

lisienewsletter2013@gmail.com




Previous Issue

ECHOLIS 2022 EDITORIAL BOARD

**Managing Editor**
Dr Fr Paul Karedan

**Editor-in-chief**
Prof Dr Usha Marath

**Consultant Editors**
Fr Shanu Moonjely
Fr Rojan Nangelimalil
Fr George Thelekkatt
Fr Joseph Makkothakattu

**Associate Editors**
Dr Babu Francis
Mr Sajeev Jacob

**Editorial Members**
Mrs Manju George
Mr Venugopal S

Lisie Hospital
Ernakulam, P.B. No. 3053
Kochi - 682018
Ph: 0484 2402044
contact@lisiehospital.org
www.lisiehospital.org

# FROM THE DIRECTOR'S DESK

***X'Mas & New Year Greetings to all !!!***

*We are nearing the end of 2021 and in the threshold of a New Year. This is an occasion to introspect.* ***The year 2021 has been a path breaking year for our hospital as we added several feathers to our cap. We successfully performed our first Liver transplant surgery on 06/03/2021****, at rates affordable to the common man which could act as a bench mark and motivate other hospitals to reduce their Liver transplant surgery charges.*

***We once again scripted history on 18/03/2021*** *by repeating our earlier feats by transporting the Heart harvested from Late Shri. Aravind in helicopter and successfully implanting it in the body of Shri. Suryanarayanan, thereby given him a new lease of life. We won "Award of Excellence 2020" for excellence in Renal care on World Kidney day (11/03/2021) awarded jointly by Global Kidney Foundation and three other reputed organizations. On 23/07/2021* ***we took over P.V.S hospital*** *and are in the process of converting it into our Annexe by carrying out extensive repairs and renovation work.*

*The* ***blessing and Inauguration of our Parking Cum Residential building*** *was performed by His Grace Mar Antony Kariyil, Major Archbishop, Ernakulam – Angamaly Archdiocese on 19/03/2021, thereby marking the culmination of decade long efforts. Likewise, the work of* ***commissioning of Oncology Block*** *is fast progressing with the installation of Linac Machine and structure work nearing completion.*

***The Year 2021 started on a grim note.*** *The disruptions caused by Covid 19 pandemic and consequent lock downs in early 2021, adversely impacted our hospital and there was a drastic reduction in the No. of our patients. But as the pandemic unfolded, our hospital responded with agility and shortly thereafter we staged a smart recovery during mid 2021. Our resilient performance speaks volumes about the untiring and laudable efforts of our talented and dedicated Doctors, Nurses and other staff who left no stone unturned to help our hospital bounce back from this crisis. Our hospital's commitment to its values and determination of our Doctors and staff in tackling all challenges head-on ensured that our hospital did not falter due to shortage of patients unlike other hospitals in our state.*

*Just when we almost recovered from this crisis we are faced with yet another crisis caused by another variant, Omicron, which according to epidemiologists, multiplies and spreads much more faster than Delta and renders Covid vaccines less effective. This variant has already created havoc in U.K, South Africa and is expected to peak early next year in our Country. But "This Too Shall Pass", as the saying goes. To make that happen we should scrupulously follow the Covid Protocol and not remain complacent.*

*Recently, on 14/12/2021 we celebrated* ***Pain & Palliative care day****. True to our Motto "Care With Love" our palliative care department always focuses and strives to provide the best possible quality of life for patients and their families and treat them with compassion. I wish them all success in their future endeavors.*

*I solicit the cooperation of all Lisie family members in propelling our hospital to greater heights so that our hospital continues in its relentless march towards rendering health care with love and compassion to our patients in the coming year (2022) also.*

*May Lord Jesus Christ shower you and your family with unlimited blessings during this* ***Christmas*** *and best wishes for a joyous* ***New Year*** *filled with lots of love, happiness and prosperity.*

***May God Bless you*** *all through the intercession of our Heavenly Patron Saint Therese of Lisieux*

***Dr. Fr. Paul Karedan***

***Director***



ഭക്ഷണത്തിന്റെ രുചിയറിയുവാനുള്ള ഭാഗ്യം ഒരു വർഷത്തിനുശേഷം തിരികെ ലഭിച്ചപ്പോൾ അത് ക്രിസ്മസ് കേക്ക് കഴിച്ച് ആരംഭിക്കണം എന്നായിരുന്നു ലാലുവിന്റെ ആഗ്രഹം. ഇതറിഞ്ഞ ലിസി ആശുപത്രി അധികൃതർ ഉടൻ തന്നെ അതിനുള്ള ഒരുക്കങ്ങൾ ചെയ്യുകയായിരുന്നു.

ശ്വാസനാളത്തിലെ കാൻസർ ചികിത്സയുടെ ഭാഗമായി അന്നനാളം പൂർണ്ണമായും അടഞ്ഞതുമൂലം ഒരു വർഷമായി ആമാശയത്തിലേക്ക് നേരിട്ട് ഘടിപ്പിച്ച ട്യൂബ് വഴി ഭക്ഷണം നൽകിയാണ് കോട്ടയം കൊഴുവനാൽ പുളിയമാനായിൽ ലാലുവിന്റെ (50) ജീവൻ നിലനിർത്തിയിരുന്നത്. വിവിധ ആശുപത്രികളിൽ ചികിത്സ തേടിയെങ്കിലും നിരാശയായിരുന്നു ഫലം. പരിചയത്തിലുള്ള ഒരു ഡോക്ടർ പറഞ്ഞതനുസരിച്ച് ഒരു മാസം മുമ്പാണ് അവർ എറണാകുളം ലിസി ആശുപത്രിയിലെത്തിയത്. വിശദമായ പരിശോധനകൾക്കും കൂടിയാലോചനകൾക്കുമൊടുവിൽ ലാലുവിനെയും കുടുംബത്തെയും കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിയ ശേഷം "പോയട്രെ" (POETRE - PERORAL ENDOSCOPIC TUNNELLING FOR RESTORATION OF ESOPHAGUS) എന്ന അതിസങ്കീർണ്ണമായ എൻഡോസ്കോപിക് ശസ്ത്രക്രിയ നടത്തുവാൻ ഡോക്ടർമാർ തീരുമാനിക്കുകയായിരുന്നു. ലിസി ആശുപത്രിയിലെ ഗാസ്ട്രോഎന്ററോളജി വിഭാഗം തലവൻ ഡോ. മാത്യു ഫിലിപ്പിന്റെ മേൽനോട്ടത്തിൽ ഡോ. പ്രകാശ് സക്കറിയാസ് ആണ് മൂന്ന് മണിക്കൂർ നീണ്ട ഈ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്. ലോകത്ത് തന്നെ അപൂർവ്വം ആശുപത്രികളിലാണ് ഇത്തരത്തിലുള്ള എൻഡോസ്കോപിക് ശസ്ത്രക്രിയ നടത്തിയിട്ടുള്ളത്. ഇന്ത്യയിൽ രണ്ടാമത്തെയും ദക്ഷിണേന്ത്യയിൽ ആദ്യത്തേതുമാണ് ലിസി ആശുപത്രിയിൽ നടന്ന ശസ്ത്രക്രിയ.

അടഞ്ഞുപോയ അന്നനാളത്തിന് കുറുകെ ഇരുവശത്തു കൂടിയും ദ്വാരം സൃഷ്ടിച്ച് അതിലൂടെ സ്വയം വികസിക്കുന്ന പ്രത്യേകതരം സ്റ്റെന്റ് ഘടിപ്പിച്ചാണ് അന്നനാളപാത പുന:സ്ഥാപിച്ചത്. ശരീരം തുറന്നുള്ള ശസ്ത്രക്രിയയുടെ സങ്കീർണ്ണതകൾ പൂർണ്ണമായും ഒഴിവാക്കാനായി എന്നതാണ് ഇതിന്റെ ഏറ്റവും വലിയ നേട്ടം. ശസ്ത്രക്രിയക്ക് ശേഷം സ്റ്റെന്റ് നീക്കം ചെയ്യുന്നതിനും തുടർ പരിശോധനകൾക്കുമായി ഭാര്യയുമൊന്നിച്ച് ലിസി ആശുപത്രിയിൽ വീണ്ടുമെത്തിയപ്പോഴാണ് ചടങ്ങ് സംഘടിപ്പിച്ചത്. കേക്ക് മുറിച്ച് മധുരം പങ്കിട്ടും സമ്മാനങ്ങൾ നൽകിയുമാണ് ലാലുവിനെ ആശുപത്രിയിൽ നിന്നും യാത്രയാക്കിയത്. ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ, ജോ: ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, ഫാ. ഷനു മൂഞ്ഞേലി, ഫാ. ജോർജ്ജ് തേലക്കാട്ട്, ഫാ. ജോസഫ് മാക്കോതക്കാട്ട് തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഡോക്ടർമാർക്കും മറ്റ് ആശുപത്രി ജീവനക്കാർക്കും ഹൃദയപൂർവ്വം നന്ദി പറഞ്ഞാണ് ലാലു ആശുപത്രിയിൽ നിന്നും മടങ്ങിയത്. ഡോ. ഷിബി മാത്യു, ഡോ. ജോൺ മാത്യൂസ്, ഡോ. കെ. രാജീവ്, ഡോ. സി. വി. വിനീത്, ഡോ. ഹാസിം അഹമ്മദ്, ഡോ. ബിലാൽ മുഹമ്മദ്. ഡോ. കിരൺ ജോസി, സിസ്റ്റർ സിബിയ ആന്റോ, ജോമോൻ ജോൺ, പി. സി. രമണി എന്നിവർ ശസ്ത്രക്രിയയിലും തുടർ ചികിത്സയിലും പങ്കാളികളായിരുന്നു.



സൗഖ്യത്തിന്റെ മധുരം നുണഞ്ഞ് ലാലു

## ലിസി ആശുപത്രിയിൽ അത്യപൂർവ എൻഡോസ്കോപിക് സർജറി

**ദക്ഷിണേന്ത്യയിൽ ആദ്യം**

കൊച്ചി ▸ ഒരു വർഷത്തിനു ശേഷം ലാലുവിൻെറ നാവ് രുചിയറിഞ്ഞു; അതും ക്രിസ്മസ് കേക്കിൻെറ. ശ്വാസനാളത്തിൽ കാൻസറുമായി ഒരു വർഷത്തോളം നാവിൽ രുചിയെത്താതെയായിരുന്നു ജീവിതം. ചികിത്സയുടെ ഭാഗമായി അന്നനാളം പൂർണമായും അടഞ്ഞതു മൂലം ഒരു വർഷമായി ആമാശയത്തിലേക്ക് നേരിട്ട് ട്യൂബ് വഴി ഭക്ഷണം നൽകിയാണ് കോട്ടയം കൊഴുവനാൽ പുളിയമാനായിൽ ലാലുവിൻെറ (50) ജീവൻ നിലനിർത്തിയിരുന്നത്.

വിവിധ ആശുപത്രികളിൽ ചികിത്സ തേടിയെങ്കിലും നിരാശയായിരുന്നു ഫലം. ഒരു മാസം മുമ്പാണ് എറണാകുളം ലിസി ആശുപത്രിയിലെത്തിയത്. പോയട്രെ എന്ന അതിസങ്കീർണമായ എൻഡോസ്കോപിക് ശസ്ത്രക്രിയയിലൂടെയാണ് ലാലുവിന് സൗഖ്യം പകർന്നത്. ലിസി ആശുപത്രിയിലെ ഗാസ്ട്രോ എൻററോളജി വിഭാഗം തലവൻ ഡോ. മാത്യു ഫിലിപ്പിൻെറ മേൽനോട്ടത്തിൽ ഡോ. പ്രകാശ് സക്കറിയാസ് ആണ് മൂന്നു മണിക്കൂർ നീണ്ട ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്. ഇന്ത്യയിൽ രണ്ടാമത്തെയും ദക്ഷിണേന്ത്യയിൽ ആദ്യത്തേതുമാണ് ലിസി ആശുപത്രിയിൽ നടന്ന ശസ്ത്രക്രിയയെന്ന് ആശുപത്രി അധികൃതർ പറഞ്ഞു. അടഞ്ഞുപോയ അന്നനാളത്തിനു കുറുകെ ഇരുവശത്തുകൂടിയും ദ്വാരം സൃഷ്ടിച്ച് അതിലൂടെ സ്വയം വികസിക്കുന്ന പ്രത്യേകതരം സ്റ്റെൻറ് ഘടിപ്പിച്ചാണ് അന്നനാള പാത പുനഃസ്ഥാപിച്ചത്.

ശസ്ത്രക്രിയക്കു ശേഷം സ്റ്റെൻറ് നീക്കം ചെയ്യുന്നതിനും തുടർ പരിശോധനകൾക്കുമായി ഭാര്യ ബിന്ദുവുമൊന്നിച്ച് ലിസി ആശുപത്രിയിൽ വീണ്ടുമെത്തിയപ്പോഴാണ് ആശുപത്രി അധികൃതർ കേക്കുമായി ലാലുവിനെ സ്വീകരിച്ചത്. ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ, ജോ. ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, ഫാ. ഷനു മൂഞ്ഞേലി, ഫാ. ജോർജ് തേലേക്കാട്ട്, ഫാ. ജോസഫ് മാക്കോതക്കാട്ട് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

▶ ഫാ. ജോസഫ് മാക്കോതക്കാട്ട്, ഡോ. പ്രകാശ് സക്കറിയാസ്, ഫാ. പോൾ കരേടൻ, ഫാ. ജോർജ് തേലേക്കാട്ട് എന്നിവർ ലാലുവിനും ഭാര്യക്കുമൊപ്പം

# ജീവിതം തിരികെ പിടിച്ച് കുഞ്ഞ് 'കൈസ്' (30 Nov 2021)




കുഞ്ഞു 'കൈസ്' ഇനി ബുദ്ധിമുട്ടുകൾ ഇല്ലാതെ ശ്വസിക്കും ഗുരുതരമായ ആരോഗ്യപ്രശ്നം തനിക്ക് ഉണ്ടായിരുന്നുവെന്ന ഒരു ലക്ഷണവും കാണിക്കാതെയാണ് 'കൈസ്' മാതാപിതാക്കൾക്കൊപ്പം മാലിദ്വീപിലേക്കു തിരിച്ചു പറന്നത്.

മാലിദ്വീപ് സ്വദേശികളായ അയാസിന്റെയും മറിയം നിഷയുടെയും നാലാമത്തെ കുട്ടിയായാണ് കൈസ് ബിൻ അഹമ്മദ് പിറന്നത്. അവരുടെ മൂന്നുകുട്ടികളും ഓട്ടിസ്റ്റിക് സ്പെക്ട്രം ഡിസോർഡർ എന്ന അസുഖം മൂലം വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരായിരുന്നു. അതിനിടയിലാണ് പ്രതീക്ഷയുടെ പുതുകിരണമായി പ്രകടമായ ആരോഗ്യപ്രശ്നങ്ങൾ ഒന്നുമില്ലാതെ കൈസ് പിറന്നുവീണത്. പക്ഷേ അത് അധികം നീണ്ടു നിന്നില്ല. അഞ്ചാം മാസം ചില ബുദ്ധിമുട്ടുകൾ കണ്ടതിനെ തുടർന്ന് നടത്തിയ വിശദമായ പരിശോധനയിൽ കുട്ടിക്ക് തലാസെമിയ മേജർ എന്ന അസുഖം ഉണ്ടെന്ന് കണ്ടെത്തി. ആവശ്യമായ രീതിയിൽ ഹീമോഗ്ലോബിൻ ഉത്പാദിപ്പിക്കുവാൻ കഴിയാത്ത സങ്കീർണ്ണമായ അവസ്ഥയായിരുന്നു അത്. അതുമൂലം ജീവൻ നിലനിർത്തുന്നതിനായി മൂന്നാഴ്ച കൂടുമ്പോൾ കുട്ടിക്ക് രക്തം നൽകേണ്ട അവസ്ഥയായിരുന്നു. എന്നാൽ പ്രതിസന്ധികൾ അവസാനിക്കുന്നുണ്ടായിരുന്നില്ല. ശ്വാസമെടുക്കുവാൻ ബുദ്ധിമുട്ട് ഉണ്ടായതിനെത്തുടർന്ന് നടത്തിയ വിശദ പരിശോധനയിൽ കുഞ്ഞിന്റെ ഹൃദയത്തിന് ഒരു വലിയ ദ്വാരം ഉണ്ടെന്ന് കണ്ടെത്തി. മൂന്ന് സെന്റിമീറ്ററിലധികം വലുപ്പമുള്ള ഒരു ദ്വാരമായിരുന്നു അത്. കുഞ്ഞു കൈസിന്റെ ജീവൻ രക്ഷിക്കുവാനായി അവർ വിവിധ ആശുപത്രികളിൽ കയറിയിറങ്ങി. ഇത്രയും വലിയ ദ്വാരമായതിനാൽ ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ നടത്തണമെന്നാണ് എല്ലാ ഡോക്ടർമാരും നിർദ്ദേശിച്ചത്. ഹൃദയം നിശ്ചലമാക്കി അതിന്റെ പ്രവർത്തനം ഓക്സിജനേറ്റർ എന്ന ഉപകരണത്തിന്റെ സഹായത്തോടെ നടത്തിയാണ് ആ ശസ്ത്രക്രിയ ചെയ്യേണ്ടത്. എന്നാൽ തലാസെമിയ മേജർ എന്ന അസുഖം ഉള്ള കുട്ടികളിൽ ഇങ്ങനെ ഒരു ശ്രമം നടത്തുന്നത് ജീവൻ തന്നെ നഷ്ടപ്പെടുത്തുവാൻ ഇടയാക്കുന്ന കാര്യമാണ്. തുടർന്ന് കുടുംബം കൂടുതൽ വിദഗ്ധ ചികിത്സ എവിടെ ലഭിക്കും എന്ന് അന്വേഷിക്കുവാൻ ആരംഭിച്ചു.

മാലിദ്വീപിലുള്ള ഡോ. എലീന മുഖേനയാണ് ലിസി ആശുപത്രിയിലെ ഹൃദ്രോഗ വിഭാഗത്തെക്കുറിച്ച് അവർ അറിഞ്ഞത്. വൈകാതെ തന്നെ കേരളത്തിലേക്ക് എത്തുകയായിരുന്നു. ചീഫ് പീഡിയാട്രിക് കാർഡിയോളജിസ്റ്റ് ഡോ. എഡ്വിൻ ഫ്രാൻസിസിന്റെ നേതൃത്വത്തിൽ കുട്ടിയെ കൂടുതൽ പരിശോധനകൾക്കു വിധേയനാക്കി. ശസ്ത്രക്രിയ നടത്തിയാൽ ജീവൻ തന്നെ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയ മെഡിക്കൽ സംഘം ഈ ദ്വാരം ഹൃദയം തുറക്കാതെ ഒരു ഡിവൈസ് മുഖേന അടയ്ക്കുവാൻ കഴിയുമോ എന്ന് ചർച്ച ചെയ്തു. എന്നാൽ അഞ്ച് വയസ്സിൽ താഴെ മാത്രം പ്രായമുള്ള കുട്ടിയിൽ ഇത്രയും വലിയ ദ്വാരം ഇന്ത്യയിൽ ഇന്നുവരെ ആരും ഡിവൈസ് വഴി അടച്ചതിന്റെ മുൻ മാതൃകകൾ ഒന്നും കണ്ടെത്താനായില്ല. ലോകത്ത് തന്നെ വളരെ അപൂർവ്വമായാണ് ഇങ്ങിനെയുള്ള ചികിത്സ നടത്തിയിട്ടുള്ളത്. എന്നാൽ മറ്റ് മാർഗ്ഗങ്ങൾ ഒന്നും മുന്നിലില്ലാത്ത സാഹചര്യത്തിൽ ആ വലിയ വെല്ലുവിളി ഏറ്റെടുക്കുവാൻ ഡോക്ടർമാർ തീരുമാനിച്ചു. തുടർന്ന് സങ്കീർണ്ണമായ പ്രക്രിയയിലൂടെ കുട്ടിയുടെ ഹൃദയത്തിന്റെ ദ്വാരം ഡിവൈസ് മുഖേന അടയ്ക്കുകയും അതിലൂടെ ഉണ്ടായിരുന്ന രക്തപ്രവാഹം തടയുകയും ചെയ്തു. ഇപ്പോൾ ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും പ്രവർത്തനം സാധാരണ നിലയിലാണെന്നും കുട്ടിക്ക് സാധാരണ ജീവിതം നയിക്കുവാൻ കഴിയുമെന്നും ഡോ. എഡ്വിൻ ഫ്രാൻസിസ് പറഞ്ഞു. ഡോ. അന്നു ജോസ്, ഡോ. വി. ബിജേഷ് എന്നിവരും ചികിത്സയിൽ പങ്കാളികളായിരുന്നു.

ലിസി ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടന്റെ നേതൃത്വത്തിൽ ഹൃദ്യമായ യാത്രയയപ്പാണ് കുട്ടിക്ക് നൽകിയത്. ഫാ. റോജൻ നങ്ങേലിമാലിൽ,

ഫാ. ഷനു മൂഞ്ഞേലി, ഫാ. ജോർജ്ജ് തേലക്കാട്ട്, ഫാ. ജോസഫ് മാക്കോതക്കാട്ട് തുടങ്ങിയവർ പങ്കെടുത്ത ചടങ്ങിൽ കേക്ക് മുറിച്ച് സന്തോഷം പങ്കിട്ടതിനോടൊപ്പം ക്രിസ്മസ് സമ്മാനവും നൽകിയാണ് കുഞ്ഞ് കൈസിനെ ആശുപത്രിയിൽ നിന്നും യാത്രയാക്കിയത്. എല്ലാവർക്കും നന്ദി പറഞ്ഞ് കുഞ്ഞിനേയും തോളിലിട്ട് ആശുപത്രിയുടെ പടിയിറങ്ങുമ്പോൾ ആ അമ്മയുടെ കണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞിരുന്നു.


മാലിയിലെ കുഞ്ഞ് കൈസിന്റെ ഹൃദയത്തിന് കൊച്ചിയിൽ ശസ്ത്രക്രിയ

## Oncology LINAC Blessing (22 Dec 2021)



## സി ഒ പി ഡി ദിനാചരണം (22 Nov 2021)



ലിസി ആശുപത്രിയിൽ ലോക സി ഒ പി ഡി ദിനം സമുചിതമായി ആചരിച്ചു. പൾമണോളജി വിഭാഗത്തിന്റെയും ലിസി സ്കൂൾ ഓഫ് നഴ്സിങ്ങിന്റെയും നേതൃത്വത്തിലാണ് ചടങ്ങുകൾ സംഘടിപ്പിച്ചത്. ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ ഉദ്ഘാടനം നിർവഹിച്ചു. ലിസി മെഡിക്കൽ & എജ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ്ജ് തേലക്കാട്ട്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസഫ് മാക്കോതക്കാട്ട്, ലിസി പൾമണോളജി വിഭാഗം മേധാവി ഡോ. പരമേശ്, പൾമണോളജി വിഭാഗം സീനിയർ റെസിഡന്റ് ഡോ. എളു മേരി മാമ്പിള്ളി, ലിസി കോളേജ് & സ്കൂൾ ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ പ്രൊ. ഡോ. ഉഷ മാരാത്ത്. ലിസി സ്കൂൾ ഓഫ് നഴ്സിംഗ് ട്യൂട്ടർ അഞ്ജു ഇമ്മാനുവൽ എന്നിവർ വിശിഷ്ട അതിഥികളായി പങ്കെടുത്തു. ഫാ. ജോർജ്ജ് തേലക്കാട്ടും ഡോ. എളു മേരി മാമ്പിള്ളിയും ചേർന്ന് തീം പ്രകാശനം നടത്തി.

ലിസി സ്കൂൾ ഓഫ് നഴ്സിംഗ് മൂന്നാം വർഷ വിദ്യാർത്ഥികൾ അവതരിപ്പിച്ച ബോധവൽക്കരണ മൈമ ഷോ ശ്രദ്ധയാകർഷിച്ചു. ശ്വാസകോശത്തിന്റെ ആരോഗ്യത്തിനുതകുന്ന ശ്വസന വ്യായാമമുറകളും ചടങ്ങിൽ വിദ്യാർത്ഥികൾ അവതരിപ്പിച്ചു. സി ഒ പി ഡി ദിനത്തോടനുബന്ധിച്ച് ലിസി ആശുപത്രിയിൽ പൾമണോളജി വിഭാഗത്തിന്റെയും മെഡിക്കൽ സോഷ്യൽ വർക്ക് വിഭാഗത്തിന്റെയും നേതൃത്വത്തിൽ വിവിധ മത്സരങ്ങളും (ഓൺലൈൻ & ഓഫ്ലൈൻ പോസ്റ്റർ മത്സരം, ഓൺലൈൻ ക്വിസ് മത്സരം) നടത്തുകയുണ്ടായി. ലിസി മെഡിക്കൽ & എജ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസിലെ വിദ്യാർത്ഥികളും, ആശുപത്രിയിലെ നഴ്സുമാരും, സ്റ്റാഫ് അംഗങ്ങളും അടക്കം നിരവധി പേരാണ് മത്സരങ്ങളിൽ പങ്കെടുത്തത്. വിജയികൾക്ക് ഫാ. ജോർജ്ജ് തേലക്കാട്ടും, ഫാ. ജോസഫ് മാക്കോതക്കാട്ടും ചേർന്ന് സമ്മാനങ്ങൾ നൽകി. വിദ്യാർത്ഥികൾ തയ്യാറാക്കിയ സി ഒ പി ഡി ബോധവൽക്കരണ പോസ്റ്ററുകളും ആശുപത്രി റിസപ്ഷനിൽ ഇതോടനുബന്ധിച്ച് പ്രദർശിപ്പിച്ചു.



## സി ഒ പി ഡി പോസ്റ്റർ മത്സരം



സി ഒ പി ഡി ദിനത്തോടനുബന്ധിച്ച് ലിസി ആശുപത്രിയിൽ ഓഫ്‌ലൈൻ പോസ്റ്റർ മത്സരം നടത്തുകയുണ്ടായി. ലിസി മെഡിക്കൽ ഇൻസ്റ്റിട്യൂഷൻസിലെ വിദ്യാർത്ഥികളും, ആശുപത്രിയിലെ നഴ്സുമാരും സ്റ്റാഫ് അംഗങ്ങളും അടക്കം നിരവധി പേരാണ് ഈ മത്സരത്തിൽ പങ്കെടുത്തത്. ജോയിന്റ് ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ്ജ് തേലക്കാട്ട്, ലിസി പൾമണോളജി വിഭാഗത്തിലെ ഡോ. മരിയ തോമസ്, ക്രിട്ടിക്കൽ കെയർ വിഭാഗത്തിലെ ഡോ. ഷഫീർ കെ. അൻസാരി എന്നിവർ ചേർന്നാണ് മൂല്യനിർണ്ണയം നടത്തിയത്. ലിസി ആശുപത്രിയിലെ പൾമണോളജി വിഭാഗത്തിന്റെയും മെഡിക്കൽ സോഷ്യൽ വർക്ക് വിഭാഗത്തിന്റെയും നേതൃത്വത്തിലാണ് മത്സരം നടത്തിയത്.



### Offline Poster Competition

**Winners**



First Prize : **Geya** (CTVS - CT Extn)

Second Prize : **Helna Joshy** (4th yr B.Sc. Nursing, LCON)

Third Prize : **Mintu & Soji** (1494/St. Chavara)

## COPD phone – In programe



സി ഒ പി ഡി അഥവാ ക്രോണിക്ക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ്; കാരണങ്ങളും ചികിത്സയും എന്ന വിഷയത്തെ ആസ്പദമാക്കി പൊതുജനങ്ങൾക്ക് ലിസി ആശുപത്രിയിലെ പൾമണോളജി വിഭാഗത്തിലെ ഡോക്ടർമാരോട് സൗജന്യമായി ഫോണിലൂടെ സംശയങ്ങൾ ചോദിക്കാനുള്ള ഡോക്ടർ ഓൺ കോൾ സെഷൻ 17 നവംബർ ബുധനാഴ്ച്ച +നടത്തി. പൾമണോളജി വിഭാഗത്തിലെ ഡോ. എളു മേരി മാമ്പിള്ളിയും ഡോ. മരിയ തോമസുമാണ് ഈ പ്രോഗ്രാമിൽ പങ്കെടുത്ത് ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകിയത്. സി ഒ പി ഡി ദിനത്തോടനുബന്ധിച്ചാണ് പ്രോഗ്രാം നടത്തിയത്.

### Online Quiz Competition

**Winners**

First Prize : **Ancy P. P** (St.Alphonsa East)

Second Prize : **Soumya Mol** (CCU)

Third Prize : **Daya Rose Robin** (B.Sc. M.L.T 2019 Batch, LCOAHS)

### E- Poster Competition

**Winners**




First Prize : **Riya Antony** (Nerurosurgery Ward)

Second Prize : **Dons K Saji** (B.Sc. M.L.T, 2019 Batch, LCOAHS)

Third Prize : **Sreethu S. L.** (B.Sc. M.L.T, 2019 Batch, LCOAHS)

# ലിസി ആശുപത്രിയിലെ ചികിത്സയിലൂടെ യുവതിക്ക് പുതുജീവൻ (6 Nov 2021)



അപൂർവ്വരോഗം ബാധിച്ച ഇരുപത്തിയാറു വയസ്സുള്ള യുവതി ലിസി ആശുപത്രിയിലെ വിദഗ്ധ ചികിത്സയിലൂടെ ജീവിതത്തിലേക്ക് മടങ്ങിയെത്തി. തൃശൂർ സ്വദേശിനിയാണ് പത്തു വർഷമായി അലട്ടിക്കൊണ്ടിരുന്ന രോഗത്തിൽ നിന്ന് മുക്തി നേടിയത്. പത്തുവർഷം മുമ്പാണ് യുവതി ആദ്യമായി രക്തം ഛർദ്ദിക്കുന്നത്. പിന്നീട് ആറുമാസം, മൂന്നുമാസം എന്നിങ്ങനെ ഇടവേളകൾ കുറഞ്ഞുവന്നു. കഴിഞ്ഞ ഏതാനും മാസങ്ങളായി മിക്ക ആഴ്ചകളിലും രക്തം ഛർദ്ദിക്കാൻ തുടങ്ങിയിരുന്നു. ആവർത്തിച്ചുള്ള ന്യൂമോണിയയോ, എൻഡോമെട്രിയോസിസോ മൂലമാകാം എന്ന നിലയിലാണ് ആദ്യഘട്ടങ്ങളിൽ ആശുപത്രികളിൽ നിന്ന് ചികിത്സകൾ നൽകിയത്. ഒരു മാസം മുമ്പ് അവശനിലയിൽ ആയപ്പോഴാണ് വിദഗ്ധ ചികിത്സയ്ക്കായി എറണാകുളത്തെത്തിയത്. ആദ്യം കണ്ട സ്വകാര്യ ആശുപത്രിയിൽ നടത്തിയ സി ടി സ്കാൻ പരിശോധനയിൽ ആർട്ടീരിയോ വീനസ് മാൽഫോർമേഷൻ ഉള്ളതായി കണ്ടെത്തി. കോയിലിംഗ് ചികിത്സയാണ് ആദ്യം നിർദ്ദേശിക്കപ്പെട്ടത്. എന്നാൽ ശ്വാസകോശത്തിന് ഗുരുതരമായ തകരാറുണ്ടാകാൻ സാധ്യതയുള്ളതിനാൽ ആ ശ്രമം ഉപേക്ഷിച്ചു. പിന്നീടാണ് നെഞ്ച് തുറന്നുള്ള ശസ്ത്രക്രിയയിലൂടെ ശ്വാസകോശത്തിന്റെ ഒരു ഭാഗം നീക്കം ചെയ്യണമെന്ന് നിർദ്ദേശിക്കപ്പെട്ടത്. അതേത്തുടർന്നാണ് വിദഗ്ധാഭിപ്രായത്തിനായി യുവതി ലിസി ആശുപത്രിയിലെത്തിയത്. ആദ്യം പൾമണോളജി വിഭാഗത്തിലെയും തുടർന്ന് കാർഡിയോ തൊറാസിക്, ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗത്തിലെയും ഡോക്ടർമാർ യുവതിയെ പരിശോധിച്ചു. വളരെ വിശദമായി നടത്തിയ മൾട്ടിഫേസിക് സി ടി സ്കാൻ പരിശോധനയിലാണ് അത്യപൂർവ്വമായ രോഗം കൃത്യമായി കണ്ടെത്തിയത്. സാധാരണയിൽ നിന്ന് വ്യത്യസ്തമായി, യുവതിയുടെ മഹാധമനിയായ അയോർട്ടയിൽ നിന്ന് ശ്വാസകോശത്തിന്റെ കീഴ്ഭാഗത്തേക്ക് ഒരു വലിയ രക്തക്കുഴൽ ഉള്ളതായി കണ്ടെത്തി. ലോകത്ത് തന്നെ അത്യപൂർവ്വമായാണ് ഇത്തരമൊരു അസുഖം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. യുവതിയുടെ പ്രായവും അസുഖത്തിന്റെ ഗൗരവവും കണക്കിലെടുത്ത് വിവിധ വിഭാഗങ്ങളിൽ നിന്നായി ഡോ. ലിജേഷ് കുമാർ (ഇന്റർവെൻഷണൽ റേഡിയോളജി) ഡോ. മുരുകൻ പദ്മനാഭൻ (കാർഡിയോതൊറാസിക് സർജറി), ഡോ. പരമേശ് (പൾമണോളജി) ഡോ. രാജീവ് കെ. (അനസ്തീഷ്യ) എന്നിവർ കൂടിയാലോചനകൾ നടത്തി ശ്വാസകോശം മുറിച്ചു മാറ്റുന്നതിനു പകരം നൂതന സാങ്കേതികവിദ്യയിലൂടെ ശ്വാസകോശത്തിലേക്ക് അധികമായി വരുന്ന രക്തം ഒരു പ്ലഗ് വഴി നിയന്ത്രിക്കാമെന്ന് തീരുമാനിക്കുകയായിരുന്നു. തുടർന്ന് ചീഫ് ഇന്റർവെൻഷണൽ റേഡിയോളജിസ്റ്റ് ഡോ. ലിജേഷ് കുമാറിന്റെ നേതൃത്വത്തിൽ സങ്കീർണ്ണമായ പ്രക്രിയയിലൂടെ ആ വലിയ രക്തക്കുഴൽ വിജയകരമായി പ്ലഗ് വഴി അടയ്ക്കുകയായിരുന്നു. ഡോ. ദിലീപ്കുമാർ, സിസ്റ്റർ ബെറ്റി, എ. വിൽസൺ, ജിബിൻ തോമസ് എന്നിവരും ചികിത്സാ പ്രക്രിയയിൽ പങ്കാളികളായി. ലോക്കൽ അനസ്തീഷ്യ നൽകി ഇടതുകൈത്തണ്ടയിലെ ആർട്ടറിയിലൂടെ കത്തീറ്റർ കടത്തിവിട്ട് അതിലൂടെ പ്ലഗ് കടത്തി രക്തക്കുഴൽ അടയ്ക്കുകയാണ് ചെയ്തത്. യുവതിയെ അന്നുതന്നെ മുറിയിലേക്ക് മാറ്റി. തുടർന്നുള്ള രണ്ടു ദിവസങ്ങളിൽ നടത്തിയ വിദഗ്ധ പരിശോധനകളിൽ ശ്വാസകോശം സാധാരണ നിലയിൽ പ്രവർത്തിക്കുന്നതായി മനസ്സിലാക്കുകയും ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്യുകയും

ചെയ്തു. ഡയറക്ടർ ഫാ. പോൾ കരേടന്റെ നേതൃത്വത്തിൽ ഹൃദ്യമായ യാത്രയയപ്പാണ് ലിസി ആശുപത്രി മാനേജ്മെന്റ് യുവതിക്ക് നൽകിയത്. വിദേശരാജ്യങ്ങളിൽ മാത്രം ലഭ്യമാകുന്ന ഇത്തരം വിദഗ്ധ ചികിത്സകൾ നമ്മുടെ നാട്ടിലും വിജയകരമായി പ്രാവർത്തികമാക്കിയ ഡോക്ടർമാരും മറ്റു ആരോഗ്യപ്രവർത്തകരും പ്രത്യേകം അഭിനന്ദനങ്ങൾ അർഹിക്കുന്നതായി അദ്ദേഹം പറഞ്ഞു.

## Rare condition treated after 10 yrs

TIMES NEWS NETWORK

**The 26-year-old woman had been suffering from anomalous systemic supply of lower lobe of left lung from aorta – a rare medical condition – since the age of 16**

**Kochi:** A 26-year-old woman, who had been suffering from anomalous systemic supply of lower lobe of left lung from aorta — a rare medical condition — for 10 years, underwent a minimally invasive technique at a city hospital.

She suffered from frequent bouts of coughing up blood (haemoptysis) and breathlessness from the age of 16. With age, the frequency of haemoptysis increased from six months initially to three months and since the last three months it was once a week. Added with this, she needed to use inhalers at least thrice a day due to increased pressure in the lungs. Despite several tests and scans, her condition couldn't be identified.

Finally a multidisciplinary team of doctors at Lisie Hospital not only identified her condition but also managed it as per western standards using minimally invasive technique avoiding the trauma of open surgery in the woman. The patient was discharged from hospital on Saturday, three days after the procedure. Medical literature states that this is a very rare condition, where an abnormal vessel arises from aorta supplying the lower lobe of left lung. The only option is to close the abnormal vessel either through an open surgery or minimally invasive procedure.

"Because the patient was young and unmarried we opted for the minimally invasive procedure. The procedure was done under local anaesthesia via an artery of the left arm and there are no cuts or scars," said senior consultant interventional radiologist at Lisie Hospital Dr Lijesh Kumar.

However, they also had concerns. The doctors didn't know how the lung was going to behave once they cut off major part of the supply. "Now there is just a 5-mm scar with no suture or stitches. Now she is off inhalers too," added Dr Lijesh.

"It is more likely a congenital anomaly because she had bouts of haemoptysis for the past 10 years. After the procedure, her lung is now very well preserved and her clinical condition is good without any surgical trauma," said senior consultant pulmonologist Dr Paramez A R.

## ശ്വാസകോശത്തിലേക്ക് അസാധാരണ രക്തക്കുഴൽ, സങ്കീർണ ശസ്ത്രക്രിയയിലൂടെ യുവതിക്ക് രോഗമുക്തി

കെ. സജീവ്

**കൊച്ചി-** അപൂർവരോഗം ബാധിച്ച 26 വയസ്സുള്ള യുവതി വിദഗ്ധ ചികിത്സയിലൂടെ ജീവിതത്തിലേക്ക് മടങ്ങിയെത്തി. തൃശൂർ സ്വദേശിനിയാണ് പത്തു വർഷമായി അലട്ടിക്കൊണ്ടിരുന്ന രോഗത്തിൽനിന്ന് മുക്തി നേടിയത്. പത്തുവർഷം മുമ്പാണ് യുവതി ആദ്യമായി രക്തം ഛർദിക്കുന്നത്. പിന്നീട് ആറുമാസം, മൂന്നുമാസം എന്നിങ്ങനെ ഇടവേളകൾ കുറഞ്ഞുവന്നു. കഴിഞ്ഞ ഏതാനും മാസങ്ങളായി മിക്ക ആഴ്ചകളിലും രക്തം ഛർദിക്കാൻ തുടങ്ങിയിരുന്നു. ആവർത്തിച്ചുള്ള ന്യൂമോണിയയോ, എൻഡോമെട്രിയോസിസോ മൂലമാകാം എന്ന നിലയിലാണ് ആദ്യഘട്ടങ്ങളിൽ ആശുപത്രികളിൽ നിന്ന് ചികിത്സകൾ നൽകിയത്. ഒരു മാസം മുമ്പ് അവശനിലയിലായപ്പോഴാണ് വിദഗ്ധ ചികിത്സയ്ക്കായി എറണാകുളത്തെത്തിയത്. സി.ടി സ്കാൻ പരിശോധനയിൽ ആർട്ടീരിയോ വീനസ് മാൽഫോർമേഷൻ ഉള്ളതായി തൃശൂരിൽനിന്ന് തന്നെ കണ്ടെത്തിയിരുന്നു. എറണാകുളത്ത് ആദ്യം കണ്ട സ്വകാര്യ ആശുപത്രിയിൽ കോയിലിംഗ് ചികിത്സയാണ് നിർദേശിക്കപ്പെട്ടത്. എന്നാൽ ശ്വാസകോശത്തിന് ഗുരുതരമായ തകരാറുണ്ടാകാൻ സാധ്യത കണ്ടതിനാൽ ആ ശ്രമം ഇടയ്ക്ക് വെച്ച് ഉപേക്ഷിച്ചു. പിന്നീടാണ് നെഞ്ച് തുറന്നുള്ള ശസ്ത്രക്രിയയിലൂടെ ശ്വാസകോശത്തിന്റെ ഒരു ഭാഗം നീക്കം ചെയ്യണമെന്ന് നിർദേശിക്കപ്പെട്ടത്. അതേത്തുടർന്നാണ് വിദഗ്ധാഭിപ്രായത്തിനായി യുവതി ലിസി ആശുപത്രിയിലെത്തിയത്. ആദ്യം പൾമണോളജി വിഭാഗത്തിലെയും തുടർന്ന് കാർഡിയോ തൊറാസിക്, ഇന്റർവെൻഷനൽ റേഡിയോളജി വിഭാഗത്തിലെയും ഡോക്ടർമാർ യുവതിയെ പരിശോധിച്ചു. വളരെ വിശദമായി നടത്തിയ മൾട്ടിഫേസിക് സി.ടി സ്കാൻ പരിശോധനയിലാണ് അത്യപൂർവമായ രോഗമാണ് യുവതിക്കുള്ളതെന്ന് കൃത്യമായി കണ്ടെത്തിയത്. സാധാരണയിൽനിന്ന് വ്യത്യസ്തമായി യുവതിയുടെ മഹാധമനിയായ അയോർട്ടയിൽനിന്ന് ശ്വാസകോശത്തിന്റെ കീഴ്ഭാഗത്തേക്ക് ഒരു വലിയ രക്തക്കുഴൽ ഉള്ളതായി കണ്ടെത്തി. ലോകത്ത് തന്നെ അത്യപൂർവമായാണ് ഇത്തരമൊരു അസുഖം റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. യുവതിയുടെ പ്രായവും അസുഖത്തിന്റെ ഗൗരവവും കണക്കിലെടുത്ത് വിവിധ വിഭാഗങ്ങളിൽ നിന്നായി ഡോ. ലിജേഷ് കുമാർ (ഇന്റർവെൻഷനൽ റേഡിയോളജി), ഡോ. മുരുകൻ പദ്മനാഭൻ (തൊറാസിക് സർജറി), ഡോ. പരമേശ് (പൾമണോളജി), ഡോ. രാജീവ് കെ. (അനസ്തീഷ്യ) എന്നിവർ കൂടിയാലോചനകൾ നടത്തി ശ്വാസകോശം മുറിച്ചു മാറ്റുന്നതിനു പകരം നൂതന സാങ്കേതികവിദ്യയിലൂടെ ശ്വാസകോശത്തിലേക്ക് അധികമായി വരുന്ന രക്തം ഒരു പ്ലഗ് വഴി നിയന്ത്രിക്കാമെന്ന് തീരുമാനിക്കുകയായിരുന്നു. തുടർന്ന് ചീഫ് ഇന്റർവെൻഷനൽ റേഡിയോളജിസ്റ്റ് ഡോ. ലിജേഷ് കുമാറിന്റെ നേതൃത്വത്തിൽ സങ്കീർണമായ പ്രക്രിയയിലൂടെ ആ വലിയ രക്തക്കുഴൽ വിജയകരമായി പ്ലഗ് വഴി അടയ്ക്കുകയായിരുന്നു. ഡോ. ദിലീപ്കുമാർ, സിസ്റ്റർ ബെറ്റി, എ.ജെ. വിൽസൺ, ജിബിൻ തോമസ് എന്നിവരും ചികിത്സാ പ്രക്രിയയിൽ പങ്കാളികളായി. ലോക്കൽ അനസ്തീഷ്യ നൽകി ഇടതുകൈത്തണ്ടയിലെ ആർട്ടറിയിലൂടെ കത്തീറ്റർ കടത്തിവിട്ട് അതിലൂടെ പ്ലഗ് കടത്തി രക്തക്കുഴൽ അടയ്ക്കുകയാണ് ചെയ്തത്. യുവതിയെ അന്നുതന്നെ മുറിയിലേക്ക് മാറ്റി. ഇന്നലെ ലിസി ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്തു.



യുവതിക്കു നടത്തിയ സങ്കീർണ ശസ്ത്രക്രിയ.

## Childrens Day 14 Nov 2021



ലിസി ആശുപത്രി ശിശുചികിത്സാ വിഭാഗത്തിന്റെയും മെഡിക്കൽ സോഷ്യൽ വർക്ക് വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ ശിശുദിനത്തോടനുബന്ധിച്ച് ചികിത്സയിലുള്ള കുട്ടികൾക്കായി വിവിധ മത്സരങ്ങളും മാതാപിതാക്കൾക്കായി ബോധവൽക്കരണവും സംഘടിപ്പിച്ചു. ശിശുചികിത്സാ വിഭാഗം മേധാവി ഡോ. ടോണി പോൾ മാമ്പിള്ളി, ഡോ. മാർഗരറ്റ് ജോസഫ്, ഡോ. ഹിമ മാത്യൂസ്, ഡോ. വിവിൻ എബ്രഹാം, ഡോ. സിസ്റ്റർ മെറിൻ ജോൺ, ഡോ. മിഷ രാജു, ഡോ. ഡിംപിൾ എന്നിവർ നേതൃത്വം നൽകി. അസി. ഡയറക്ടർമാരായ ഫാ. ഷനു മൂഞ്ഞേലി, ഫാ. ജോർജ്ജ് തേലക്കാട്ട്, മെഡിക്കൽ സോഷ്യൽ വർക്ക് വിഭാഗം മേധാവി സിസ്റ്റർ അൽഫോൺസ എന്നിവർ സമ്മാനങ്ങൾ നല്കി. ഒ.പി., ഐ.പി. വിഭാഗങ്ങളിലുള്ള കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. ഇത് വളരെ വ്യത്യസ്തമായ ഒരു അനുഭവം ആയിരുന്നെന്നും കുട്ടികളെല്ലാം മത്സരം വളരെയധികം ആസ്വദിച്ചെന്നും മാതാപിതാക്കൾ പറഞ്ഞു. ഡോ. ടോണി പോൾ ആശംസകൾ നേർന്നു. വൈദികർ കുട്ടികളെ അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. ആന്മരിയ മേജോ നന്ദി പറഞ്ഞു



## ശിശുദിനം: ലിസി ആശുപത്രിയിൽ കുട്ടികൾക്കായി മത്സരങ്ങൾ സംഘടിപ്പിച്ചു

**കൊച്ചി:** ശിശുദിനത്തോടനുബന്ധിച്ച് ലിസി ആശുപത്രിയിലെ ശിശുചികിത്സാ വിഭാഗത്തിന്റെയും മെഡിക്കൽ സോഷ്യൽ വർക്ക് വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ നിലവിൽ ചികിത്സയിലുള്ള കുട്ടികൾക്കായി വിവിധ മത്സരങ്ങളും മാതാപിതാക്കൾക്കായി ബോധവത്കരണവും സംഘടിപ്പിച്ചു.

ശിശുചികിത്സാ വിഭാഗം മേധാവി ഡോ. ടോണി പോൾ മാമ്പിള്ളി, ഡോ. മാർഗരറ്റ് ജോസഫ്, ഡോ. ഹിമ മാത്യൂസ്, ഡോ. വിവിൻ എബ്രഹാം, ഡോ. സിസ്റ്റർ മെറിൻ ജോൺ, ഡോ. മിഷ രാജു, ഡോ. ഡിംപിൾ, ആൻമരിയ മേജോ എന്നിവർ പ്രസംഗിച്ചു. അസി. ഡയറക്ടർമാരായ ഫാ. ഷനു മൂഞ്ഞേലി, ഫാ. ജോർജ് തേലക്കാട്ട്, മെഡിക്കൽ സോഷ്യൽ വർക്ക് വിഭാഗം മേധാവി സിസ്റ്റർ അൽഫോൺസ എന്നിവർ സമ്മാനങ്ങൾ നൽകി. ഒപി, ഐപി വിഭാഗങ്ങളിലുള്ള കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു.

## World Diabetes Day celebration 2021




World Diabetes day celebrations were jointly organized by Lisie College of Allied Health Sciences and Dept. of Diabetology and Endocrinology, Lisie Hospital on 12 November 2021. The programme was inaugurated by Fr. Dr. Paul Karedan (Director, Lisie Medical & Educational Institutions). Principal of LCOAHS, Dr. Shabeer S. Iqbal welcomed the gathering. First session of health talk was delivered by Dr. George Paulose, (Senior Consultant Physician & Diabetologist) who elaborated on the General aspects of Diabetes mellitus. Dr. Arun.S. Menon (Consultant Endocrinologist) spoke on the theme for 2021 world diabetes day, 'Access to Diabetes Care' and the challenges we face.

The students of B.Sc. MLT & DMLT from LCOAHS presented an awareness drama based on the theme ''Access to Diabetes''Ms. Jovita (Diabetes Educator, Lisie Hospital) gave a talk on Insulin Education & demonstrated the Insulin Devices. Later on, Mrs. Anitha Kuriakose (Dietician, Lisie Hospital) gave an exhaustive lecture on diet in diabetes. Sr. Jilcy (2nd yr B.Sc. MLT) delivered the vote of thanks.




Free blood glucose checking Diabetic food stall and Diabetic footwear stalls were arranged as part of the program. The event concluded with the Lisie Anthem by the students of B.Sc. MLT batch. It was a fruitful & educative event which helped spread the message about the dangers of diabetes mellitus and the way to deal with it. The World Diabetes Day is celebrated every year on 14th November but we take a pledge to provide a quality service to all our patients through out the year.






എറണാകുളം ലിസി കോളജ് ഓഫ് ഹെൽത്ത് സയൻസസിന്റെയും ലിസി ഹോസ്പിറ്റലിലെ പ്രമേഹ ചികിത്സാ വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ ലോക പ്രമേഹദിനത്തോടനുബന്ധിച്ചു നടത്തിയ ബോധവൽക്കരണ പരിപാടികൾ ഡയറക്ടർ റവ. ഡോ. പോൾ കരേടൻ ഉദ്ഘാടനം ചെയ്യുന്നു.

### ലിസിയിൽ പ്രമേഹ ദിനാചരണം നടത്തി

കൊച്ചി: എറണാകുളം ലിസി കോളജ് ഓഫ് ഹെൽത്ത് സയൻസസിന്റെയും ലിസി ഹോസ്പിറ്റലിലെ പ്രമേഹ ചികിത്സാ വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ ലോക പ്രമേഹദിനത്തോടനുബന്ധിച്ച് ബോധവത്കരണ പരിപാടികൾ നടത്തി. ഡയറക്ടർ റവ. ഡോ. പോൾ കരേടൻ ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ. ഷബീർ എസ്. ഇക്ബാൽ അധ്യക്ഷത വഹിച്ചു. പ്രമേഹ ചികിത്സാ വിദഗ്ധരായ ഡോ. ജോർജ് പൗലോസും ഡോ. അരുൺ എസ്. മേനോനും പ്രമേഹരോഗം, ചികിത്സ എന്നിവയിൽ പ്രഭാഷണങ്ങൾ നടത്തി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ് തേലക്കാട്ട്, അധ്യാപകരായ കൃഷ്ണ ശ്രുതി, മില, ജോവിത, അനിതാ കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു. സൗജന്യ പ്രമേഹ പരിശോധനാക്യാമ്പ്, പ്രമേഹരോഗികൾക്കായുള്ള വിവിധ ഭക്ഷണ സ്റ്റാളുകൾ, പാദരക്ഷാ സ്റ്റാളുകൾ, ബോധവത്കരണ ക്ലാസുകൾ, സംഗീത നാടകം എന്നിവയും ഉണ്ടായിരുന്നു.

## Radiology day 08 Nov 2021



International Radiology day Inaugurated by Fr. Paul Karedan 08 Nov 2021.

## Msgr. Antony Paracka Golden Jubilee Memorial Scholarship (30 Oct 2021)



മോൺ. ആന്റണി പാറയ്ക്കൽ ഗോൾഡൻ ജൂബിലി മെമ്മോറിയൽ ലിസി ഫണ്ടിൽ നിന്നും 2020-2021 വർഷത്തെ വിവിധ സ്കോളർഷിപ്പുകളും, സഹായങ്ങളും അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവ് വിദ്യാർത്ഥികൾക്ക് നല്കി.


## World AIDS day (1 Dec 2021)



World AIDS day programme was organized by first year GNM students (2020 batch) of Lisie School of Nursing on 1 December 2021.

The programme started by invocation and blessings from God. Mrs. Ranjini. B (Nursing Tutor, Lisie School of Nursing) welcomed the gathering. The programme was inaugurated by Fr. (Dr.) Paul Karedan (Director, Lisie Hospital). Fr. Rojan Nangelimallil (Joint Director, Lisie Hospital) and Fr. Joseph Makkothakkat (Construction Co-ordinator, Lisie Hospital) released the theme “Ending the HIV Epidemic: Equitable Access, Everyone's Voice”.

Other distinguished guests were Rev. Fr. Shanu Moonjely (Assistant Director, Lisie Hospital), Fr. George Thelekatt (Assistant Director, Lisie Medical & Educational Institutions), Prof. Dr. Usha Marath (Principal, Lisie School and College of Nursing). Mrs. Anju Emmanuel (Nursing Tutor, Lisie School of Nursing) delivered an awareness talk regarding AIDS, its mode of transmission, prevention, management, and the myths associated with it. The programme was followed by vote of thanks delivered by Ms. Nimmy Joseph (1st year G.N.M Student) which was followed by a street play focusing on different aspects of AIDS by first year G.N.M students. It was an attractive and informative performance which made the public more aware of the facts regarding HIV/AIDS. The programme ended with the Lisie Anthem.




## പുസ്തകപ്രകാശനം (11th Dec 2021)




